## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 993 6.6.2018-ൽ മറുപടിയ്ക്ക്

**ഒല്ലൂരിലെ കെപ്കോ പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. രാജൻ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | എ) | കെപ്കോ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.<br><br>**1.കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി**<br><br>തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോരുത്തർക്കും 8 കോഴി, 5 കിലോ തീറ്റ, മരുന്നും നൽകുന്നു.<br><br>**2.കെപ്കോ ആശ്രയ പദ്ധതി**<br><br>തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ തീറ്റയും, മരുന്നും ലഭിക്കുന്നു.<br><br>**3.കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**<br><br>സ്കൂൾ കുട്ടികളിൽ സാമ്പാദ്യശീലം |

| | | | |
|---|---|---|---|
| | | | വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻ നിറുത്തി നടപ്പിലാക്കുന്ന<br><br>പദ്ധതിയാണിത് . സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെ യു.പി വിഭാഗത്തിലെ 8,9 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ കുട്ടിയ്ക്കും 5 കോഴിയും, 5 കിലോ തീറ്റയും, മരുന്നും സൗജന്യമായി ലഭിക്കുന്നു.<br><br>**<u>4.കോഴിവളർത്തൽ പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ വഴി</u>**<br><br>തെരഞ്ഞെടുക്കുന്ന കുടുംബശ്രീ ഗ്രൂപ്പിൽപ്പെട്ട 1000 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ കോഴിത്തീറ്റയും,മരുന്നും വിതരണം ചെയ്യുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 250/- രൂപ മാത്രം<br><br>അ ട യ്ക്കേണ്ട താണ്.<br><br>**<u>5.കെപ്കോ നഗരപ്രിയ പദ്ധതി</u>**<br><br>നഗര പ്രദേശങ്ങളിലെ മുട്ടയുൽപാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദന ചിലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് സംസ്ഥാന പൗൾട്രി<br><br>വികസന കോർപ്പറേഷൻ രൂപം<br><br>നൽകിയിരിക്കുന്ന നൂതന പ ദ്ധതിയാണിത്. |

| | | | |
|---|---|---|---|
| | | | നഗര പരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക് എ.പി.എൽ, ബി.പി.എൽ മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും 5 കോഴിയും, ആധുനി ക രീതിയിലുള്ള കൂടും, 5 കിലോ തീറ്റയും, മരുന്നും നൽകുന്നതാണ് ഈ പ ദ്ധതി. ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോ ക്തൃ വിഹിതമായി അ ട യ്ക്കേണ്ട തുണ്ട്. |
| ബി) | ഒല്ലൂർ നിയോജക മണ്ഡലത്തിൽ കെപ്കോ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | ബി) | ഒ ല്ലൂർ നിയോജക മണ്ഡലത്തിൽ കെപ്കോ വഴി താഴെപ്പറയുന്ന പ ദ്ധതികൾ നടപ്പാക്കിയിട്ടു ണ്ട്.<br>**<u>1)കോഴി വളർത്തൽ ഗ്രാമങ്ങൾ പ ദ്ധതി</u>** - മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 20/02/2017 ൽ 660 വനിതാ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി കഴിഞ്ഞു.<br>**<u>2.കെപ്കോ ആശ്രയ പദ്ധതി</u>** - മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 10/02/2018 ൽ 1142 വിധവകളായ ഗുണഭോക്താക്കൾക്ക് ഈ പ ദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ